**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വെയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവ്വെയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ ഭ്രുവിനിയോഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനാവുമെന്ന് അറിയിക്കാമോ; | (എ) | ഡിജിറ്റൽ സർവെയിൽ WGS 84 (World Geodetic System 1984) എന്ന co-ordinate system ത്തിലാണ് മാപ്പുകൾ തയ്യാറാക്കുന്നത്. പ്രസ്തുത മാപ്പുകളെ, Base Map ആയി ഉപയോഗിച്ച് മറ്റ് സർക്കാർ വകുപ്പുകൾക്ക് അവരുടേതായ ഡാറ്റകളും വിവരങ്ങളും ഉൾപ്പെടുത്താൻ കഴിയുന്നതാണ്. |
| (ബി) | ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച് പ്രത്യേക രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഡിജിറ്റൽ സർവെയുടെ ഭാഗമായി തയ്യാറാക്കുന്ന Base Map കളിൽ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ദുരന്ത നിവാരണ വകുപ്പിന് നടത്തുവാൻ കഴിയുന്നതാണ്. ഡിജിറ്റൽ ലാൻഡ് സർവെയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള CORS സ്റ്റേഷനുകൾ സംസ്ഥാനത്ത് മുഴുവൻ നദീതീരങ്ങളിലും പ്രളയ സാധ്യത പ്രദേശങ്ങളിലും ഫ്ളഡ് ലെവൽ മാർക്കിങ്ങ് സർവെയും ഫ്ളഡ് ലെവൽ മാർക്കറുകളുടെ സ്ഥാപനവും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എളുപ്പമാകും. നിലവിൽ സ്ഥാപിച്ചിട്ടുള്ള 121 ഫ്ളഡ് ലെവൽ മാർക്കറുകളിൽ ഭാവിയിൽ ഉണ്ടാകുന്ന പ്രളയത്തിന്റെ ഉയരം കൂടി കാലാകാലങ്ങളിൽ ശേഖരിച്ച് രേഖപ്പെടുത്താവുന്നതും അവയെ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ